**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2140** **12-02-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയ്ക്ക് പാരിസ്ഥിതാഘാത പഠനം നടത്തുന്നതിനായുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിനെ തുടർന്നുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; | (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയ്ക്ക് പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള 'ടേംസ് ഓഫ് റഫറൻസിന്' 2023 ജൂലൈ 28 -ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ കൺസൽട്ടന്റായ ലൂയിസ് ബർജർ പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കി കരട് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Report) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2006-ലെ ഇ.ഐ.എ വിജ്ഞാപന പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങളും, പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും കൂടി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടൽ വഴി പാരിസ്ഥിതിക അനുമതിക്കായി സമർപ്പിക്കുന്നതായിരിക്കും. |
| (ബി) | കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സൈറ്റ് ക്ലിയറൻസ് അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും എന്നാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയ്ക്കുള്ള കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സൈറ്റ് ക്ലിയറൻസ്' അനുമതി 13/04/2023-നും, പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് NOC 30/06/2023-നു ലഭിച്ചിട്ടുണ്ട്. |
| (സി) | ശബരിമല അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണ ചുമതല നൽകിയിരിക്കുന്നത് ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (സി) | ശബരിമല അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തിരഞ്ഞെടുക്കുന്നതിലേക്കായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൽട്ടൻറ്റിനെ നിയോഗിച്ച് ആറ് മാസം കൊണ്ട് ഡി.പി.ആർ തയ്യാറാക്കി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരത്തിനായി സമർപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന് ശേഷം ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി, വിമാനത്താവള നിർമ്മാണത്തിനുവേണ്ടി ഇ.പി.സി കരാറിനുള്ള നടപടികളും ആരംഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വിമാനത്താവളം സാക്ഷാല്ക്കരിക്കുന്നതിനായി നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായുള്ള പുരോഗതി വിശദമാക്കുമോ; | (ഡി) | കോട്ടയം ജില്ലയിൽ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 1039.876 ഹെക്ടർ (2570 ഏക്കർ) ഭൂമി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് RFCTLARR Act, 2013 സെക്ഷൻ 4(1) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും, സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സെക്ഷൻ 8(2) പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്. നിലവിൽ, 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കുമോ? | (ഇ) | ശബരിമല അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആദ്യ ഘട്ടത്തിന്റെ നിർമ്മാണം 2025-ൽ തുടങ്ങാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ